# The Delhi Regional Security Dialogue on Afghanistan (November 10, 2021)

November 08, 2021

**അഫ്ഘാനിസ്ഥാനേക്കുറിച്ച് ഡൽഹി റീജിയണൽ സെക്യൂരിറ്റി ഡയലോഗ് (നവംബർ 10, 2021)**

നവംബർ 08, 2021

2021 നവംബർ 10-ന് "അഫ്ഗാനിസ്ഥാനെക്കുറിച്ചുള്ള ഡൽഹി റീജിയണൽ സെക്യൂരിറ്റി ഡയലോഗിന്" ഇന്ത്യ ആതിഥേയത്വം വഹിക്കും. ദേശീയ സുരക്ഷാ ഉപദേഷ്ടാക്കൾ / സെക്യൂരിറ്റി കൗൺസിലുകളുടെ സെക്രട്ടറിമാരുടെ തലത്തിലാണ് സംഭാഷണം നടക്കുന്നത് കൂടാതെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ അജിത് ഡോവൽ, കെസി അധ്യക്ഷ സ്ഥാനം വഹിക്കും. 2018ലും 2019ലും ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് ഇറാൻ ഡയലോഗിന്റെ ആദ്യ രണ്ട് പതിപ്പുകൾക്ക് ആതിഥേയത്വം വഹിച്ചിരുന്നു.

അഫ്ഗാനിസ്ഥാനെക്കുറിച്ചുള്ള ഡൽഹി റീജിയണൽ സെക്യൂരിറ്റി ഡയലോഗിൽ ഇറാൻ, കസാക്കിസ്ഥാൻ, കിർഗിസ് റിപ്പബ്ലിക്, റഷ്യ, താജിക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാൻ, ഉസ്ബെക്കിസ്ഥാൻ എന്നീ രാജ്യങ്ങൾ പങ്കെടുക്കും, അതാത് രാജ്യങ്ങല്കായി അവയുടെ ദേശീയ സുരക്ഷ ഉപദേഷ്ടാക്കൾ / സുരക്ഷ കൌൺസിൽ സെക്രട്ടിമാർ എന്നിവർ പ്രാതിനിധ്യം വഹിക്കും

അഫ്ഗാനിസ്ഥാനിലെ സമീപകാല സംഭവവികാസങ്ങളിൽ നിന്ന് ഉയർന്നുവരുന്ന, പ്രാദേശികമായ സുരക്ഷാ സ്ഥിതിഗതികൾ ഉന്നതതല സംഭാഷണം അവലോകനം ചെയ്യും. പ്രസക്തമായ സുരക്ഷാ വെല്ലുവിളികൾ നേരിടുന്നതിനും സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ പ്രോത്സാഹിപ്പിക്കുന്നതിൽ അഫ്ഗാനിസ്ഥാനിലെ ജനങ്ങളെ പിന്തുണയ്ക്കുന്നതിനുമുള്ള നടപടികളെക്കുറിച്ച് ഇത് ആലോചിക്കും.

ഇന്ത്യ പരമ്പരാഗത കാലം മുതൽ തന്നെ അഫ്ഗാനിസ്ഥാനിലെ ജനങ്ങളുമായി അടുത്ത സൗഹൃദബന്ധം സൂക്ഷിക്കുകയും അഫ്ഗാനിസ്ഥാൻ നേരിടുന്ന സുരക്ഷാ, മാനുഷിക വെല്ലുവിളികൾ നേരിടാൻ ഒരു ഏകീകൃത അന്താരാഷ്ട്ര പ്രതികരണത്തിന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. അതിലേക്കുള്ള ചുവടുവയ്പായിരിക്കും വരാനിരിക്കുന്ന യോഗം.

ന്യൂ ഡെൽഹി
നവംബർ 08, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.